**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.274 | 23.01.2018 ൽ മറുപടിക്ക്

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റിനായി പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി ട്രോമാ കെയർ യൂണിറ്റിലേക്ക് 90 ലക്ഷം രൂപയുടെ ഉപകരണങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ട്രോമാ കെയറുമായി ബന്ധപ്പെട്ട് ഈ സ്ഥാപനത്തിലെ ഒരു ജനറൽ സർജനും സ്റ്റാഫ് നഴ്സിനും പരിശീലനം നൽകിയിട്ടുണ്ട്. 2017-18 പ്ലാനിൽ ഉൾപ്പെടുത്തി സി.ടി.സ്കാൻ മെഷീൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ആർദ്രം പദ്ധതി അനുസരിച്ച് സ്റ്റാഫ് നഴ്സിന്റെ രണ്ടും, ഇ.സി.ജി.ടെക്നീഷ്യന്റെ ഒന്നും, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ രണ്ടും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | ട്രോമാ കെയർ യൂണിറ്റിനായി 90 ലക്ഷം (തൊണ്ണൂറ് ലക്ഷം) രൂപയുള്ള ഉപകരണങ്ങൾ വാങ്ങുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ 29,63,276/- (ഇരുപത്തി ഒമ്പത് ലക്ഷത്തി അറുപത്തി മൂവായിരത്തി ഇരുന്നൂറ്റി എഴുപത്തി ആറ് രൂപ)ക്കുള്ള ഉപകരണങ്ങൾ ഇതിനകം ടി സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ